# നാലുപേരിൽ നിന്ന് 13 ലീറ്റർ വിദേശമദ്യം പിടികൂടി

കരുവാരകുണ്ട് ● നാലുപേരിൽ നിന്നായി അനധികൃത വിൽപനയ്ക്കിടെ 13 ലീറ്റർ വിദേശമദ്യം കരുവാരകുണ്ട് പൊലീസ് പിടികൂടി.

കക്കറ മുതിരക്കുളവൻ അലിയാപ്പു, കണ്ണത്ത് എലിപ്പാറ്റ രമേശ് ബാബു, പൂളമണ്ണ വീതനശേരി ശിവശങ്കരൻ, കേരള എസ്റ്റേറ്റ് കുന്നുമ്മൽ അരുൺ എന്നിവരിൽനിന്നാണു മദ്യം പിടികൂടിയത്.

കരുവാരകുണ്ട് എസ്ഐ പി.ജ്യോതീന്ദ്രകുമാർ, സിവിൽ പൊലീസ് ഓഫിസർമാരായ സെബാസ്റ്റ്യൻ, രാജേഷ്, രാമചന്ദ്രൻ, വ്യതിഷ്, നിസാർ, വിശാൽ എന്നിവരടങ്ങിയ പൊലീസ് സംഘമാണ് പ്രതികളെ പിടികൂടിയത്.

കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാൻഡ് ചെയ്തു.